"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തിരുവനന്തപുരം വികസന അതോറിറ്റി - പാളയം സി-ബ്ലോക്ക് (റീഹാബിലിറ്റേഷൻ ബ്ലോക്ക്) നിർമ്മാണം - കരാറുകാർക്ക് തുക നൽകാനായി - നടപ്പുവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.160/2023/LSGD തീയതി,തിരുവനന്തപുരം, 19-01-2023

പരാമർശം:- 1. സ.ഉ.(കൈ)നം.12/2022/തസ്വഭവ തീയതി 20/01/2022

2. സ.ഉ.(സാധാ)നം.1767/2022/തസ്വഭവ തീയതി 22/07/2022

3. ട്രിഡ സെക്രട്ടറിയുടെ 14/11/2022 തീയതിയിലെ എഫ്3-605/18/ട്രിഡ നമ്പർ കത്ത്

**ഉത്തരവ്**

പാളയം സി-ബ്ലോക്ക് (റീഹാബിലിറ്റേഷൻ ബ്ലോക്ക്) നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരായ KHRWS-ന് പേയ്മെന്റ് നൽകുന്നതിനായി 22,81,951/- രൂപ '2217-05-191-36-35' എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ മേൽ ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ കരാറുകാർക്ക് പേയ്മെന്റ് നൽകുന്നതിന് 22,81,951/- രൂപ '2217-05-191-36-35' ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് അനുവദിച്ചും പരാമർശം (1) ഉത്തരവ് റദ്ദു ചെയ്തും പരാമർശം (2) പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) Kerala Health Research Welfare Society(KHRWS) എന്നത് 'പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് (PMC)' എന്ന കാറ്റഗറിയിൽ വരുന്ന അക്രഡിറ്റഡ് ഏജൻസി ആണ് എന്നതിനാൽ പാളയം സി-ബ്ലോക്ക് (റീഹാബിലിറ്റേഷൻ ബ്ലോക്ക്) നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട PMC ആയ KHRWS-ന്റെ കരാറുകാരായ M/s Allies Fire Systems Ltd-ന് cc - IInd part bill പേയ്മെന്റ് നൽകുന്നതിനായി Rs.22,81,951/- രൂപ '2217-05-191-36-35(PV)' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് പരാമർശം (2) ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാളയം സി-ബ്ലോക്ക് (റീഹാബിലിറ്റേഷൻ ബ്ലോക്ക്) നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് PMC ആയ KHRWS ന്റെ കരാറുകാരായ M/s Allies Fire Systems Ltd-ന് part bill പേയ്മെന്റ് നൽകുന്നതിനായി 22,81,951/- രൂപ(ഇരുപത്തിരണ്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി തൊള്ളായിരത്തി

അൻപത്തിയൊന്നു രൂപ മാത്രം), ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, '2217-05-191-36-35(PV)' എന്ന ശീർഷകത്തിൽ നടപ്പ വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് അനുവദിച്ചുകൊണ്ടും , പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവാകുന്നു :

a. സാങ്കേതിക അനുമതി (TS ) നൽകുന്ന അധികാരി എന്ന നിലയിൽ, വ്യവസ്ഥകളുടെ സ്വീകാര്യതയും എല്ലാ ഇനങ്ങളുടേയും നിരക്കുകളുടെ ന്യായയുക്തതയും ഉറപ്പാക്കുന്നതിന് ട്രിഡ ചീഫ് എൻജിനിയറെ ചുമതലപ്പെടുത്തുന്നു.
b. PMC ബിൽ സൂക്ഷ്മമായി പരിശോധിച്ച് പേയ്മെന്റിനായി ശുപാർശ ചെയ്തതിന് ശേഷം മാത്രം ട്രിഡ നേരിട്ട് കരാറുകാരന് പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനവകുപ്പ് (Dev-2/245/2018/ fin ,WCD-3/65/2022-FIN dated 29/12/2022)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(File no.IA4/87/2021-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 19-01-2023 12:02:24